# കേരള സർവകലാശാല

നം.പി.ആർ.204/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സസ്പെൻഷൻ പിൻവലിച്ചു

കേരള സർവകലാശാല വൈസ് ചാൻസലറുടെ ഓഫീസ് മുറിയിൽ അതിക്രമിച്ച് കടന്ന് അസഭ്യവർഷം ചൊരിഞ്ഞതിന് സസ്പെൻഷനിലായിരുന്ന അഞ്ച് ഗവേഷണ വിദ്യാർത്ഥികളേയും ഗവേഷണ പഠനത്തിന് തിരികെ പ്രവേശിപ്പിക്കുന്നു.

സർവകലാശാല സിൻഡിക്കേറ്റ് നിയോഗിച്ച അഞ്ചംഗ ഉപസമിതിയുടെ സാന്നിദ്ധ്യത്തിൽ അഞ്ച് വിദ്യാർത്ഥികളും വൈസ് ചാൻസലർ മുമ്പാകെ ഖേദം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ പിൻവലിക്കാനുള്ള തീരുമാനം എടുത്തത്. അഡ്വ. കെ.എച്ച് ബാബുജൻ, ഡോ. ആർ ലതാദേവി, ഡോ. എം. ജീവൻ ലാൽ, ഡോ.പി.എ രാധാമണി, പ്രൊഫ. മോഹനകൃഷ്ണൻ എന്നിവരായിരുന്ന ഉപസമിതി അംഗങ്ങൾ.

സസ്പെൻഷനിലായിരുന്ന വിദ്യാർത്ഥികൾ ഖേദപ്രകടനം നടത്തിയ സാഹചര്യത്തിൽ, സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയ അഡ്വ. എൻ.എസ് ലാലും വിദ്യാർത്ഥികളെ തിരിച്ചെടുക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.

## പി.ജി സ്പോട്ട് അഡ്മിഷൻ 2016-17
## എസ്.സി/എസ്.ടി/ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക്

കേരള സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.ടി കോളേജുകളിലേക്ക് രണ്ട്, മൂന്ന് തീയതികളിൽ സർവകലാശാല സെനറ്റ് ഹാളിൽ വച്ച് എം.എ, എം.എസ്സി, എം.കോം കോഴ്സുകളിൽ ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്കുള്ള സ്പോട്ട് അഡ്മിഷൻ നടക്കും. ആ ദിവസങ്ങളിൽ നിലവിൽ ഒഴിവുള്ള എസ്.സി/എസ്.ടി സംവരണ സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ ഒമ്പത് മണിമുതൽ 10 മണി വരെ രജിസ്റ്റർ ചെയ്യുന്ന എസ്.സി/ എസ്.ടി വിദ്യാർത്ഥികളെയാണ് പരിഗണിക്കുക. നവംബർ രണ്ടിന് എം.എസ്സി, എം.കോം വിഷയങ്ങൾക്കും നവംബർ മൂന്നിന് എം.എ വിഷയങ്ങൾക്കുമാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് രാവിലെ ഒമ്പത് മണിമുതൽ 11 മണി വരെയാണ് രജിസ്ട്രേഷൻ. സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടേതിന് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും അനുവദനീയമായ കാലയളവിനുള്ളിൽ ലഭിച്ച ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും നിർബന്ധമായും ഹാജരാക്കണം. നിശ്ചിത പ്രവേശന ഫീസായ 110 രൂപ/720 രൂപ അന്നുതന്നെ ഒടുക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരണം. ഓൺലൈൻ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ രജിസ്റ്റർ ചെയ്യാത്തവരെയും പരിഗണിക്കും. ഓൺലൈൻ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി കൊുവരണം. കേരള സർവകലാശാലയുടേതല്ലാത്ത മറ്റ് സർവകലാശാല ബിരുദമുള്ളവർ

കേരള സർവകലാശാലയുടെ യോഗ്യത (എലിജിബിലിറ്റി) സർട്ടിഫിക്കറ്റ് ഹാജരാക്കണം. രണ്ട്, മൂന്ന് തീയതിലെ പ്രവേശനത്തിനുശേഷം ഒഴിവുവരുന്ന എസ്.സി/എസ്.ടി സീറ്റുകൾ നിയമാനുസൃതം മറ്റ് സംവരണ വിഭാഗങ്ങളിലേക്ക് മാറ്റപ്പെടും.

*(എല്ലാ എഡിഷനുകളിലും നവംബർ ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)*

## 60 ലേഖനങ്ങൾ ഉൾക്കൊണ്ട റഫറൻസ് പുസ്തകം

കേരള സംസ്ഥാനം രൂപീകരിച്ചതിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് കേരള സർവകലാശാല 60 പഠനവിഷയങ്ങളിൽ 60 ലേഖനങ്ങൾ ഉൾക്കൊണ്ട റഫറൻസ് പുസ്തകം 2017-ൽ പ്രസിദ്ധീകരിക്കുന്നു. സർവകലാശാല ജനസമ്പർക്ക പരിപാടിയുടെ ഭാഗമായുള്ള ഈ സംരംഭത്തിന് ഇന്റേണൽ ക്വാളിറ്റി അഷുറൻസ് സെൽ ആണ് നേതൃത്വം നൽകുന്നത്.

കലാ, ഭാഷാ, സാഹിത്യ, ശാസ്ത്ര, സാങ്കേതിക, മാനവിക, കായിക വിഷയങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച സർവകലാശാല അദ്ധ്യാപകർ, മുൻ അദ്ധ്യാപകർ, പൂർവ വിദ്യാർത്ഥികൾ എന്നിവരാകും ലേഖകർ. പണ്ഡിത, പാമര ഭേദമന്യേ സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ളവർക്കും പ്രയോജനപ്രദമാകുന്ന വിധമാകും പുസ്തകത്തിന്റെ ഉള്ളടക്കം ക്രമീകരിക്കുന്നത്.

യു.ജി.സി. എമിരറ്റസ് പ്രൊഫസറും കോമേഴ്സ് ഫാക്കൽറ്റി ഡീനുമായ ഡോ. എം. ശാർങ്ഗധരനാണ് പുസ്തകത്തിന്റെ ജനറൽ എഡിറ്റർ. സംരംഭവുമായ് സഹകരിക്കാൻ താല്പര്യമുള്ള സർവകലാശാല അദ്ധ്യാപകർ, മുൻ അദ്ധ്യാപകർ, പൂർവ വിദ്യാർത്ഥികൾ എന്നിവർക്ക് ജനറൽ എഡിറ്ററുമായി ബന്ധപ്പെടാം. ഫോൺ : 9400154962.

## എം.ഫിൽ സീറ്റൊഴിവ്

കേരള സർവകലാശാല യൂണിവേഴ്സിറ്റി കോളേജിലെ എം.ഫിൽ പ്രോഗ്രാമുകളിൽ ഇക്കണോമിക് പഠനവകുപ്പിൽ എസ്.ടി വിഭാഗത്തിൽ ഒരു സീറ്റും, കെമിസ്ട്രി പഠനവകുപ്പിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ ഓരോ സീറ്റുകൾ വീതവും ഒഴിവുകളുണ്ട്. താൽപര്യമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ നവംബർ ഏഴ് രാവിലെ 10.30-ന് അതത് പഠനവകുപ്പുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## ബിരുദ സർട്ടിഫിക്കറ്റ് : അപേക്ഷ

കേരള സർവകലാശാലയിൽ ബിരുദ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുമ്പോൾ നിർദ്ദിഷ്ട അപേക്ഷാഫാറത്തിനോടൊപ്പം ഫീസ് അടച്ചതിന്റെ അസ്സൽ രസീതും/ഡിമാൻഡ് ഡ്രാഫ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, മാർക്ക്ലിസ്റ്റുകൾ, യോഗ്യത സർട്ടിഫിക്കറ്റുകളുടെ (എസ്.എസ്.എൽ.സി/എച്ച്.എസ്.സി/ബിരുദം) പകർപ്പുകൾ സഹിതം അപേക്ഷിക്കണം. അല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

## യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സ് - ഇന്റർവ്യൂ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിന്റെ പ്രവേശന ഇന്റർവ്യൂ നവംബർ 14 രാവിലെ 11 മണിക്ക് പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും. അപേക്ഷ സമർപ്പിച്ചവർ അസ്സൽ സർട്ടിഫിക്കറ്റുകളും

പകർപ്പുകളും കോഴ്സ് ഫീസുമായി രാവിലെ 11 മണിക്ക് ഹാജരാകണം. ഫോൺ. 0471-2302523.

## സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സിന് ഏതാനും സീറ്റ് ഒഴിവുണ്ട്. യോഗ്യത : പ്രീഡിഗ്രി/പ്ലസ് ടു ജയം. ഫീസ് 6000/- രൂപ. അപേക്ഷാഫീസ് 100 രൂപ. ക്ലാസുകൾ : രാവിലത്തെ ബാച്ച് ഏഴ് മണിമുതൽ ഒമ്പത് മണിവരെയും വൈകുന്നേരത്തെ ബാച്ച് അഞ്ച് മണിമുതൽ ഏഴ് മണിവരെയുമാണ്. താൽപര്യമുള്ളവർ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 0471-2302523.

## എം.ബി.എ പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല പുനക്രമീകരിച്ച നാലാം വർഷ എം.ബി.എ പരീക്ഷയുടെ വൈവ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

## എം.സി.എ ടൈംടേബിൾ

കേരള സർവകലാശാല നവംബർ ഒമ്പതിന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.സി.എ (2011 സ്കീം - റഗുലർ & സപ്ലിമെന്ററി, 2006 സ്കീം - മേഴ്സി ചാൻസ് & സപ്ലിമെന്ററി) പരീക്ഷയുടെയും നവംബർ 16-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം - റഗുലർ, 2011 സ്കീം -സപ്ലിമെന്ററി, 2006 സ്കീം - സപ്ലിമെന്ററി & മേഴ്സി ചാൻസ്) പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

## എം.ഫിൽ ഫലം

കേരള സർവകലാശാല കാര്യവട്ടം ഹിന്ദി പഠനവകുപ്പ്, സോഷ്യോളജി പഠനവകുപ്പ്, എൻവയോൺമെന്റൽ സയൻസ് പഠനവകുപ്പ് എന്നിവയുടെ രണ്ടാം സെമസ്റ്റർ എം.ഫിൽ (2015-16 ബാച്ച്) ഫലം വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2011 & 2006 സ്കീം) ഫലം വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിന് നവംബർ 26 വരെ അപേക്ഷിക്കാം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല നവംബറിൽ നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ ഏഴ് (50

രൂപ പിഴയോടെ നവംബർ ഒമ്പത്, 250 രൂപ പിഴയോടെ നവംബർ 11) വരെ ഓൺലൈനായി അപേക്ഷിക്കാം. ട്രാൻസിറ്ററി, മേഴ്സി ചാൻസ്, സെഷണൽ ഇംപ്രൂവ് ചെയ്ത വിദ്യാർത്ഥികളും സർവകലാശാലയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniveresity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
31.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**